**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്തരാഷ്ട്ര തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ട്രയൽറൺ ആരംഭിച്ച ശേഷം നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. തുറമുഖത്തിന്റെ ട്രയൽ റൺ ആരംഭിച്ചതിനു ശേഷം 19 കപ്പലുകൾ കണ്ടെയ്നർ കൈമാറ്റത്തിന് വിഴിഞ്ഞം തുറമുഖത്തിലെത്തുകയും 60503 കണ്ടെയ്നറുകൾ (TEU) തുറമുഖത്തിൽ കൈകാര്യം ചെയ്യുകയുമുണ്ടായി. ഈ കാലയളവിൽ തുറമുഖത്തിലെത്തിയ കപ്പലുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>ഇതിൽ, 24000 ത്തിലധികം കണ്ടെയ്നറുകൾ (TEU) വഹിക്കാൻ ശേഷിയുള്ള MSC Claude Girardet എന്ന കപ്പൽ ദക്ഷിണേഷ്യയിൽ ആദ്യമായാണ് ഒരു തുറമുഖത്തിൽ ബെർത്ത് ചെയ്യാൻ സാധിച്ചത്. കൂടാതെ, MSC Anna എന്ന കപ്പലിൽ നിന്നും 10,000 ത്തിലധികം കണ്ടെയ്നറുകൾ (TEU) കയറ്റിറക്കുകൾ ചെയ്തതിലൂടെ ഒരു കപ്പലിൽ നിന്നും ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുവാൻ വിഴിഞ്ഞത്തിനു സാധിച്ചു. ട്രയൽ റൺ നടക്കുന്ന കാലയളവിൽത്തന്നെ ദക്ഷിണേന്ത്യൻ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന കണ്ടെയ്നറുകളുടെ 10% കൈകാര്യം ചെയ്യുവാൻ വിഴിഞ്ഞം തുറമുഖത്തിന് സാധിച്ചു.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ ഭാവി വികസന സാധ്യതകളാണ് ഇത് സൂചിപ്പിക്കുന്നത്. മദർ ഷിപ്പുകൾക്ക് അടുക്കുവാനും ചരക്കുകൾ കൈമാറ്റം ചെയ്യുവാനും സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ ആഴക്കടൽ ട്രാൻഷിപ്മെന്റ് തുറമുഖമായി വിഴിഞ്ഞം തെളിയിക്കപ്പെട്ടു കഴിഞ്ഞു. |
| (ബി) | 2025 മാർച്ച് 31 വരെ എത്ര കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; | (ബി) | തുറമുഖത്തിൽ നിലവിൽ ട്രയൽ ഓപ്പറേഷൻസ് ആണ് നടന്നു വരുന്നത്. ടി കാലയളവിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പ്രത്യേക |

| | | | |
|---|---|---|---|
| | ഇതിനകം ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | | ലക്ഷ്യങ്ങളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. തുറമുഖം കമ്മീഷൻ ചെയ്ത് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമായതിനു ശേഷം മാത്രമാണ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്ന ലക്ഷ്യവും അതനുസരിച്ചുള്ള പൂർത്തീകരണവും മോണിറ്റർ ചെയ്യാൻ സാധിക്കുന്നത്. |
| (സി) | തുറമുഖത്തിന്റെ ഭാഗമായ റോഡ്-റെയിൽ കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. തുറമുഖത്തേയ്ക്കുള്ള റോഡ് കണക്ടിവിറ്റി സംബന്ധിച്ച് തുറമുഖത്തെ എൻ.എച്ച് 66-മായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം AVPPL -ന്റെ ചുമതലയാണ്. 2 കി.മി നീളമുള്ള ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. എന്നാൽ ടി അപ്രോച്ച് റോഡ് എൻ.എച്ച് 66-മായി യോജിക്കുന്ന ജംഗ്ഷന്റെ (ഇന്റർസെക്ഷൻ) ഡിസൈൻ NHAI അംഗീകരിച്ചെങ്കിലും, തുറമുഖത്തിൽ നിന്നും ഔട്ടർ റിംഗ് റോഡിൽ നിന്നുമുള്ള ചരക്കു നീക്കം കണക്കിലെടുത്ത് NHAI അംഗീകരിച്ച ഡിസൈൻ പുനപരിശോധിച്ച് വരികയാണ്. NHAI നിർദ്ദേശിച്ച പുതിയ ഡിസൈൻ പ്രകാരം അധികമായി ഭൂമി ഏറ്റെടുക്കേണ്ടിവരും. അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വഹിക്കുന്നത് സംബന്ധിച്ചും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും NHAI യുമായി ചർച്ച ചെയ്ത് അടിയന്തിരമായി ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ടതുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജംഗ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, തുറമുഖം പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് റോഡ് മുഖാന്തിരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കുവാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായി NHAI യുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. താത്കാലിക റോഡ് കണക്ടിവിറ്റിക്കായുള്ള രൂപരേഖ NHAI യുടെ അംഗീകാരത്തിനായി 09-09-2024 ൽ സമർപ്പിക്കുകയുണ്ടായി. ഇത് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് NH 66 മായുള്ള താത്കാലിക റോഡ് കണക്ടിവിറ്റി സാധ്യമാകുന്നതാണ്.<br><br>തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ച് കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടത് 2022 മെയ് മാസത്തിലായിരുന്നു. AVPPLമായുള്ള പുതിയ സെറ്റിൽമെന്റ് കരാർ പ്രകാരം റെയിൽ പാത സ്ഥാപിക്കേണ്ട അവസാന തീയതി ഇപ്പോൾ ഡിസംബർ 2028 ആക്കി ദീർഘിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനു മായി ബന്ധിപ്പിക്കുന്ന ടി പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിൽപ്പെട്ട 4.697 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. വിഴിഞ്ഞം വില്ലേജിൽപ്പെട്ട 0.829 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് പുരോഗമിച്ചു വരുന്നു. 5.526 ഹെക്ടർ സ്ഥലമേറ്റെടുക്കൽ (198 കോടി രൂപ) ഉൾപ്പെടെ 1482.92 കോടി രൂപയാണ് റെയിൽപ്പാതയ്ക്കായുള്ള ആകെ പദ്ധതിച്ചെലവായി കണക്കാക്കിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ ഗേറ്റ് വേ കണ്ടെയ്നർ ട്രാഫിക്കിന്റെ സാദ്ധ്യത കണക്കിലെടുത്ത് ഒരു കണ്ടെയ്നർ റെയിൽ ടെർമിനൽ (CRT) തിരുവനന്തപുരത്ത് വിഴിഞ്ഞത്തോടടുത്ത് നിലവിലെ റെയിൽ പാതയോട് ചേർന്ന് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച ചർച്ചകൾ ദക്ഷിണ റെയിൽവെയുമായി ഇപ്പോൾ നടന്നു വരുന്നു. റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതുവരെ CRT മുഖാന്തിരം റെയിൽ ചരക്കുനീക്കം ഇതുവഴി സാധ്യമാകുന്നതാണ്. CRT യുടെ നിർമ്മാണം റെയിൽവെ ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള പ്രാരംഭ ചർച്ചയും ഇപ്പോൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| Details of ships coming at (IN NYY) | | | | | | |
|---|---|---|---|---|---|---|
| No | Name of Ship/ Vessel | Capacity (TEU) | Length in metres | Beam in metres (Width) | Draft in metres | Berthing Date |
| | **Operated by Maersk** | | | | | |
| 1 | San Fernando | 8714 | 299.90 | 48.40 | 12.10 | 11.07.2024 |
| 2 | Kmarin Azur | 4556 | 249.90 | 37.40 | 12.60 | 15.07.2024 |
| 3 | Navios Tempo | 4250 | 261.10 | 32.25 | 12.10 | 21.07.2024 |
| | **Medical Emergency** | | | | | |
| 4 | Sanmar Songbird | Brought into basin for evacuation of sick crew member | | | | |
| | **Operated by MSC** | | | | | |
| 5 | MSC Deila | 13,988 | 365.50 | 51.20 | 12.80 | 30.08.2024 |
| 6 | MSC ADU V | 4,738 | 294.00 | 32.00 | | 01.09.2024 |
| 7 | MSC Orion | 14,952 | 366.00 | 51.00 | | 04.09.2024 |
| 8 | MSC Kayley | 15,294 | 366.00 | 51.00 | | 09.09.2024 |
| 9 | MSC Suape VII | 6,250 | 300.00 | 41.00 | | 11.09.2024 |
| 10 | MSC Claude Girardet | 24,166 | 400.00 | 62.00 | | 13.09.2024 |
| 11 | MSC Eva | 14,730 | 366.00 | 51.00 | | 16.09.2024 |
| 12 | MSC Tavvishi | 8,089 | 278.00 | 40.00 | | 19.09.2024 |
| 13 | MSC Eyra | 1,438 | 203.00 | 25.00 | | 21.09.2024 |
| 14 | MSC Capetown III | 2826 | 222.16 | 30.07 | | 22.09.2024 |
| 15 | MSC Rose | | 364.00 | 51.00 | | 23.09.2024 |
| 16 | MSC Anna | | 399.98 | 58.60 | | 27.09.2024 |
| 17 | MSC Palermo | | 366.00 | 51.00 | | 30.09.2024 |
| 18 | MSC Polo | | 184.06 | 25.30 | | 01.10.2024 |
| 19 | AS SICILIA | | 179.74 | 27.65 | | 01.10.2024 |

സെക്ഷൻ ഓഫീസർ